ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഉണ്ട്.

(ബി) ഹൗസ്ബോട്ടുകളുടെ നിലവാരം ഉയർത്തുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി ഹൗസ്ബോട്ട് ക്ലാസ്സിഫിക്കേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. സുരക്ഷിത ബോട്ടുകളുടെ ഒരു ലിസ്റ്റ് വകുപ്പിന്റെ വെബ്സൈറ്റിൽ വിനോദ സഞ്ചാരികൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജലാശയങ്ങളിൽ സഞ്ചരിക്കുന്നവർക്ക് ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഹൗസ്ബോട്ടുകളുടെ സഞ്ചാരപഥം സഞ്ചാരികളുടെ വിവരം എന്നിവ ലഭിക്കുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ 'ഹൗസ്ബോട്ട് ട്രാക്കിംഗ് ആന്റ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം' എന്ന ഒരു പദ്ധതി നടപ്പാക്കുന്നതാണ്.

നൈപുണ്യ വികസന അക്കാദമികൾ

15(*225) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസന അക്കാദമികൾ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ&ബി) ഉണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്. (KASE) പ്രവർത്തിച്ചുവരുന്നു. ആഗോളവത്കരണത്തെ തുടർന്ന് ആധുനിക ലോകത്തെ വിവിധ തൊഴിൽ മേഖലകളിലേക്കായി ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്ര പരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം.

(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനുമായുള്ള അഡ്വൈസറി കൊൺസിലും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. KASE-ന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശൽ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു മറ്റു ജില്ലകളിലും കൗശൽ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ, നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റും സെക്യൂരിറ്റി മേഖലയിൽ മികവിന്റെ കേന്ദ്രമായ സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റിയും (CATS) പ്രവർത്തനമാരംഭിച്ചു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ ആന്റ് റിഗ് (ESPOIR), അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തനമാരംഭിച്ചു. ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

GPM. 2/242/2020-8

LIBRARY ARCHIVES Kerala Legislative Assembly